## കേരള ജലസേചന വകുപ്പ്

## പുനർ ദർഘാസ് പരസ്യം

തീയതി 27/02/2019

പരസ്യ നമ്പർ 03/എജഇ/2018-19

കേരള സംസ്ഥാന ഗവർണർക്കു വേണ്ടി തലപ്പിള്ളി ജലസേചന വിഭാഗം സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവൃത്തികൾക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളതും നിശ്ചിത യോഗ്യതയുള്ളതുമായ അംഗീകൃത കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്ത് മുദ്രവച്ച കവറുകൾ തപാൽ വഴി മാത്രം ദർഘാസുകൾ നൽകേണ്ടതാണ്. പ്രവൃത്തിയുടെ പേര് വ്യക്തമായി രേഖപ്പെടുത്താത്ത ദർഘാസ് കവറുകൾ സ്വീകരിക്കുന്നതല്ല.

ദർഘാസുകൾ 08/03/2019 വൈകുന്നേരം 3:30 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ, അദ്ദേഹം അധികാരപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥനോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. അന്നേദിവസം അവധി യായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം വൈകുന്നേരം 3:00 മണിവരെ ദർഘാസുകൾ സ്വീകരിക്കുന്നതും 3:30 ന് തുറക്കുന്നതുമാണ്.

ദർഘാസ് ഫോറങ്ങളുടെ വിൽപ്പനയും ദർഘാസ് രജിസ്ട്രേഡായി തപാലിൽ സ്വീകരിക്കുന്നതും തുറക്കുന്നതുമായ തീയതികൾ താഴെ കാണിച്ചിരിക്കുന്ന പ്രകാരമായിരിക്കും.

| | | |
|---|---|---|
| ദർഘാസ് പ്രമാണങ്ങളുടെ വിൽപ്പന തീയതിയും സമയവും | : | 05/03/2019 രാവിലെ 10:00 മണി മുതൽ ഉച്ചയ്ക്ക് 1:00 മണി വരെ |
| പൂരിപ്പിച്ച ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | : | 08/03/2019 ഉച്ച തിരിഞ്ഞ് 3:00 മണി വരെ |
| ദർഘാസ് തുറക്കുന്ന തീയതിയും സമയവും | : | 08/03/2019 ഉച്ച തിരിഞ്ഞ് 3:30 മണി |

| ക്രമ നം | ദർഘാസ് നം | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം | ദർഘാസ് പ്രമാണത്തിന്റെ വില |
|---|---|---|---|---|---|
| 1 | 1/2018-19 | WSM 2018-19 വാഴാനി ജലസേചന പദ്ധതിയുടെ വാഴാനി ഡാമിലെ നിലവിലുള്ള കിണറിന്റെ അടിയന്തിര പുനരുദ്ധാരണ പ്രവൃത്തികൾ | 2,66,000/- | 6,650/- | 600 + GST (12%) |
| 2 | 3/2018-19 | WSM 2018-19 വാഴാനി ജലസേചനപദ്ധതി ഇടതുകര മെയിൻ കനാലിന്റെ ചെയിനേജ് 0/000 കി.മീ മുതൽ 16/000 കി.മീ വരെ വിവിധ സ്ഥലങ്ങളിൽ തകർന്ന പാർശ്വ സംരക്ഷണ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 2,31,853/- | 5,800/- | 550 + GST (12%) |

കുറിപ്പ്

1. പ്രവൃത്തി തീർക്കേണ്ടതായ കാലാവധി - 1 വർഷം
2. കരാറുകാരന്റെ രജിസ്ട്രേഷൻ യോഗ്യത – ക്ലാസ് ഡി യും അതിന് മുകളിലും

ദർഘാസ് പ്രമാണങ്ങളും മറ്റുവിവരങ്ങളും തലപ്പിള്ളി ജലസേചന വിഭാഗം സബ് ഡിവിഷൻ ഓഫീസിൽ നിന്നും 05/03/2019 ഉച്ചയ്ക്ക് 1:00 മണി വരെ നിശ്ചിത വില രൊക്കം ചെലാൻ അടച്ച് അപേക്ഷിക്കുന്ന നിശ്ചിത യോഗ്യതയുള്ള കരാറുകാർക്ക് ലഭിക്കുന്നതാണ്. ദർഘാസ് ദിവസം ഏതെങ്കിലും തരത്തിൽ അവധി പ്രഖ്യാപിക്കുന്ന പക്ഷം അടുത്ത പ്രവൃത്തി ദിവസം ദർഘാസുകൾ നടത്തുന്നതാണ്.

ദർഘാസിനോടൊപ്പം 200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി, പ്രവൃത്തിക്കാവശ്യമായ നിരതദ്രവ്യം എന്നിവ അടക്കം ചെയ്തിരിക്കേണ്ടതാണ്. പൂർണ്ണമായും പൂരിപ്പിച്ച പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും, ആവശ്യമായ നിരതദ്രവ്യം കെട്ടിവയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിന്റെ വില തിരികെ കൊടുക്കുന്നതല്ല.

ദർഘാസുകൾ സ്ഥിരപ്പെടുത്തുന്നതിനും കാരണം കാണിക്കാതെ മാറ്റിവയ്ക്കുന്നതിനും ടി ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കും. ദർഘാസ് പ്രമാണങ്ങൾ കൈമാറാൻ പാടുള്ളതല്ല. ദർഘാസുകളെ സംബന്ധിച്ച് ജലവിഭവ വകുപ്പിൽ നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിന് ബാധകമായിരിക്കും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
(കേരള ഗവർണർക്കുവേണ്ടി)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം, ജലവിഭവ വകുപ്പ്, തലപ്പിള്ളി
സബ് ഡിവിഷൻ, വടക്കാഞ്ചേരി
ഫോൺ - 0488 4232237

പകർപ്പ്:

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ
2. അസിസ്റ്റന്റ് എഞ്ചിനീയർ, ഇറിഗേഷൻ സെക്ഷൻ, വാഴാനി
3. അസിസ്റ്റന്റ് എഞ്ചിനീയർ, ഇറിഗേഷൻ സെക്ഷൻ, വടക്കാഞ്ചേരി
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.ഐ. സബ് ഡിവിഷൻ, വടക്കാഞ്ചേരി
5. കോൺട്രാക്ടേഴ്സ് അസോസിയേഷൻ, ചെമ്പുകാവ്, തൃശ്ശൂർ
6. ചെയർമാൻ, വടക്കാഞ്ചേരി മുനിസിപ്പാലിറ്റി, വടക്കാഞ്ചേരി
7. സെക്രട്ടറി, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്
8. സെക്രട്ടറി, മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത്, തിരുത്തിപ്പറമ്പ്
9. സെക്രട്ടറി, വേലൂർ ഗ്രാമപഞ്ചായത്ത്, വേലൂർ
10. സെക്രട്ടറി, തെക്കുംകര ഗ്രാമപഞ്ചായത്ത്, പുന്നംപറമ്പ്
11. സെക്രട്ടറി, ചൂണ്ടൽ ഗ്രാമപഞ്ചായത്ത്, കേച്ചേരി
12. സെക്രട്ടറി, കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്, മുണ്ടൂർ
13. സെക്രട്ടറി, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്, മങ്ങാട്
14. സെക്രട്ടറി, തോളൂർ ഗ്രാമപഞ്ചായത്ത്, പറപ്പൂർ
15. സെക്രട്ടറി, ഇളവള്ളി ഗ്രാമപഞ്ചായത്ത്, ചിറ്റാട്ടുകര
16. വർക്ക് ഫയൽ
17. നോട്ടീസ് ബോർഡ്